# വെളിപ്പാട് പുസ്തക പഠനം – 27

# സഹിഷ്ണുതയോട നിലനിന്ന

# എഫേസോസ് സഭ

ഡോ. സി.വി.ആൻഡ്ര്യൂസ്

## എഫെസോസ് (2:1–7)

## (എ.ഡി. 70 മുതൽ 170 വരെ)

എഫെസോസ് ആസ്യയിലെ അഥവാ ഇന്നത്തെ തുർക്കിയിലെ ഒരു പട്ടണമായിരുന്നു. അന്നത്തെ ഏറ്റവും വലിയ നഗരമായിരുന്നു. ഇന്ന് തുർക്കി ഭാഷയിൽ 'എഫെസ്' എന്ന് ഈ നഗരത്തെ വിളിക്കുന്നു. ഏഷ്യമൈനറിന്റെ പടിഞ്ഞാറ് സ്ഥിതി ചെയ്തിരുന്ന ഈ പട്ടണം പുരാതന കാലത്ത് സമ്പദ്സമൃദ്ധിയുള്ള അറിയപ്പെട്ട തുറമുഖ നഗരം കൂടിയായിരുന്നു. പുരാതന ലോകത്തിലെ ഏഴ് അതിശയങ്ങളിൽ ഒന്നായ അർത്തമിസ് ദേവിയുടെ ക്ഷേത്രം ഈ പട്ടണത്തിന്റെ പ്രധാന ആകർഷണമായിരുന്നു. 425 അടി നീളവും 260 അടി വീതിയും 127 വലിയ തൂണുകളും  ഉൺടായിരുന്ന ഈ ക്ഷേത്രം രത്നങ്ങളും കരകൗശല വിദ്യകൾ കൊൺടും അലംകൃതമായിരന്നു. (അപ്പോസ്തല പ്രവൃത്തികൾ 19:24)

പൗലോസ് ഇവിടെ മൂന്ന് വർഷം ദൈവവേല ചെയ്തു എന്ന് അപ്പോസ്തല പ്രവൃത്തികൾ 19 ാം അദ്ധ്യായം വായിക്കുമ്പോൾ മനസിലാക്കാം. ഈ പട്ടണം ക്രിസ്ത്യാനികൾക്ക് വളരെ എതിർപ്പും ശത്രുതയും ഉൺടാക്കിയിരുന്നു. പൗലോസ് വളരെയധികം എതിർപ്പുകൾ സഹിച്ചുകൊൺട് ഏറ്റവും കൂടുതൽ സമയം ഏകദേശം മൂന്ന് വർഷം താമസിച്ച് ഇവിടെ പ്രവർത്തിച്ചു. (അപ്പോസ്തല പ്രവൃത്തികൾ 20:31) അതുകൊൺടാണ് 1 കൊരിന്ത്യരിൽ താൻ ''എഫെസോസിൽ വച്ച് മൃഗയയുദ്ധം ചെയ്തു''വെന്ന് പ്രസ്താവിച്ചിരിക്കുന്നത്. എ.ഡി. 55 ൽ ആണ് ഇവിടെ സഭ സ്ഥാപിക്കപ്പെട്ടത്. ആസ്യയിലുള്ള സഭകളെല്ലാം എഫെസോസിൽ പൗലോസ് താമസിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ഉളവായ സഭകളാണ്. ഈ സഭയിൽ നിന്ന് അനേകം സുവിശേഷകന്മാർ എഴുന്നേറ്റതിന്റെ ഫലമായാണ് ഏഷ്യാമൈനറിൽ സുവിശേഷം പരക്കുവാൻ കാരണമായത്. തിഹിക്കോസ് (എഫെസ്യർ 6:22, 2 തിമോഥിയോസ് 4:12, 1 തിമോഥെയോസ് 1:3) അക്വിലാസ്, പ്രിസ്ക്കില്ല, അപ്പൊല്ലോസ്, ഗായോസ്, അരിസ്തർഹോസ് എന്നിവർ എഫെസോസിൽ വസിച്ച് പ്രവൃത്തിച്ചു. (അപ്പോസ്തല പ്രവൃത്തികൾ 18:19, 19, 22, 26, 20 ാം അദ്ധ്യായം) പൗലോസിന് ശേഷം തിമോഥെയോസ് ഇവിടെ ശുശ്രൂഷ ചെയ്തു. (1 തിമോഥെയോസ് 1:3) പിൽക്കാലത്ത് അപ്പോസ്തലനായ യോഹന്നാൻ ഈ സഭയുടെ ശുശ്രൂഷകനായി. അപ്പോസ്തലനായ യോഹന്നാനെ എഫെസോസിൽ നിന്നാണ് പത്മോസ് ദ്വീപിലേക്ക് നാടുകടത്തിയതും അവിടെ നിന്നും തിരിച്ചുവന്നതും എഫെസോസിലേക്കായിരുന്നു. എഫെസോസിന്റെ പ്രതാപം

പിൽക്കാലത്ത് ഇല്ലാതെയായി. നഗരം നാമാവശേഷമായി. ഇന്ന് അവിടെ അവശിഷ്ടങ്ങൾ മാത്രമേ ബാക്കിയുള്ളൂ. തുറമുഖം നശിച്ചുപോയി.

## മുഖവുര

''എഫെസോസ് സഭയുടെ ദൂതന് എഴുതുക. ഏഴ് നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചും കൊൺടും ഏഴ് പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത്'' (2:1)

എഫെസോസ് എന്ന വാക്കിന് 'അയവ്' എന്നാണ് അർത്ഥം. ആദ്യനൂറ്റാൺടിലും തുടർന്നുള്ള കാലങ്ങളിലും സഭ ആഗ്രഹിക്കത്തക്ക നിലയിൽ തന്നെ തുടർന്നു. എന്നാൽ ചില കുഴച്ചിലുകൾ അവിടെയും സംജാതമായി എന്ന് തുടർന്നുള്ള വാക്യങ്ങളിൽ കാണാം. ദൂത് എഴുതുന്നത് സഭയുടെ ദൂതനാണ്. ദൂതൻ എന്നത് സഭയുടെ ശുശ്രൂഷകനെ കാണിക്കുന്നു. എഴുതുന്നത് സഭയുടെ ദൂതനാണെങ്കിലും ദൂത് സഭയ്ക്കാണ്. ഏഴ് നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചുകൊൺട് എന്നത് ''ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാർ ആകുന്നു'' എന്ന് 1:20 ൽ വ്യക്തമാക്കിയിരിക്കുന്നു. സഭാശുശ്രൂഷകന്മാർ കർത്താവിന്റെ സംരക്ഷണത്തിലും നിയന്ത്രണത്തിലുമാണ്. ക്രിസ്തുവാണ് സഭയുടെ തല. ''അവനെ സർവ്വത്തിനും മീതെ തലയാക്കി''. (എഫെസ്യർ 1:22)

''ഏഴ് നക്ഷത്രം വലങ്കൈയ്യിൽ പിടിച്ചിരിക്കുന്നു'' എന്നുള്ളതിന്റെ അർത്ഥം ഉള്ളങ്കൈയ്യിൽ പൊതിഞ്ഞ് മുറുകെ പിടിച്ചിരിക്കുന്നു എന്നാണ്. കർത്താവിന്റെ ശുശ്രൂഷകന്മാർ അവന്റെ കയ്യിൽ എത്ര ഭദ്രമെന്ന് നാം ചിന്തിക്കുക. കൂടാതെ ഏഴ് പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ എന്നുള്ളത് അവന്റെ സാന്നിദ്ധ്യം എപ്പോഴും സഭയിൽ ഉൺടെന്ന് ഓർപ്പിക്കുന്നു. ഏഴ് പൊൻനിലവിളക്കുകൾ ഏഴ് സഭകൾ ആകുന്നു എന്ന് 1:20 ൽ പറഞ്ഞിരിക്കുന്നു. സഭകളെ നിയന്ത്രിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും ശോധന ചെയ്യുന്നതിനും കുറവുകൾ ബോദ്ധ്യപ്പെടുത്തുന്നതിനും ധൈര്യപ്പെടുത്തുന്നതിനും മദ്ധ്യസ്ഥം വഹിക്കുന്നതിനും വേൺടിയാണ് കർത്താവ് സഭകളുടെ നടുവിൽ നടക്കുന്നത്. ''നിന്നെ രക്ഷിപ്പാനും ശത്രുക്കളെ നിനക്ക് ഏല്പിച്ചു തരുവാനും നിന്റെ പാളയത്തിന് മദ്ധ്യേ നടക്കുന്നു'' എന്ന് ദൈവം യിസ്രായേലിനോട് കൽപ്പിച്ചിട്ടുൺട്. (ആവർത്തനം 23:7) ''സഭകളുടെ നടുവിൽ നിന്ന'' കർത്താവ് (1:3) ഇപ്പോൾ 'സഭകളുടെ മദ്ധ്യേ നടക്കുന്നു'. സഭ തന്റെ ശക്തിയും പ്രകാശവും കർത്താവിൽ നിന്നും പ്രാപിക്കുന്നു. യേശുക്രിസ്തുവിനാൽ ഭരിക്കപ്പെടുന്ന സഭയുടെ ഭാഗ്യാവസ്ഥ അവർണ്ണനീയം തന്നെ.

## പ്രശംസ

''ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്ക് സഹിച്ചുകൂടാത്തതും അപ്പോസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പോസ്തലന്മാർ എന്ന് പറയുന്നവരെ നീ പരീക്ഷിച്ച് കള്ളന്മാർ എന്ന് കൺടതും നിനക്ക് സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നുപോകാത്തതും ഞാൻ അറിയുന്നു''. (2:2,3)

ഇവിടെ ഏഴ് കൂട്ടം കാര്യങ്ങൾ പ്രശംസ ആയിട്ട് പറഞ്ഞിരിക്കുന്നു. സഭകളുടെ നടുവിൽ നടക്കുന്ന കർത്താവ് സഭയുടെ അവസ്ഥ നന്നായറിയുന്നു. ഏഴ്

സഭകൾക്കുള്ള എഴുത്തുകളിലും ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു എന്ന കർത്താവിന്റെ പ്രസ്താവന കാണാം. 2:2,9,13,19,3:1,8,15. സഭകളുടെ നടുവിൽ നടക്കുന്ന കർത്താവ് എല്ലാം കാണുകയും വിവേചിക്കുകയും മനസിലാക്കുകയും അവരുടെ പ്രവൃത്തികളെ ശോധന ചെയ്ത് നല്ലവയെ പ്രശംസിക്കുകയും തീയവയെ ശാസിക്കുകയും ചെയ്യുന്നു.

**1. പ്രവൃത്തി –** നാം സൽപ്രവൃത്തികളിൽ മുമ്പന്മാരായിരിക്കണമെന്ന് പൗലോസ് അനുശാസിക്കുന്നു. തീത്തോസ് 2:14, 3:8,14. നാം രക്ഷിക്കപ്പെട്ടത് പ്രവൃത്തികളാലല്ല. എഫെസ്യർ 2:9 എങ്കിലും നാം രക്ഷിക്കപ്പെട്ടത് സൽപ്രവൃത്തികൾക്കായിട്ടാണ്. എഫെസ്യർ 2:10. ഈ സഭ കർത്തൃശുശ്രൂഷയിൽ ശുഷ്ക്കാന്തിയും ശ്രദ്ധയും കാണിച്ചിരുന്നു.

**2. പ്രയത്നം –** ക്ഷീണിക്കും വരെയുള്ള കഠിനാദ്ധ്വാനം എന്നാണിതിന്റെ അർത്ഥം. പ്രവൃത്തി ചെയ്യുന്നതിലുള്ള അദ്ധ്വാനം, ത്യാഗം. പ്രവൃത്തിയും പ്രയ്തനവും തമ്മിൽ വ്യത്യാസമുണ്ട്. അദ്ധ്വാനത്തോടും ബദ്ധപ്പാടോടും കൂടെ ചെയ്യുന്ന പ്രവൃത്തിയാണ് പ്രയത്നം. ഭൗതീക വിഷയങ്ങളിലുള്ള പ്രയ്തനമല്ല. സുവിശേഷത്തിന് വേണ്ടിയുള്ള പ്രയ്തനമാണ് ഇവിടുത്തെ വിഷയം. ശാരീരിക ക്ലേശങ്ങൾ മറന്ന് സുവിശേഷത്തിന് വേണ്ടി അദ്ധ്വാനിച്ചതിനെ കർത്താവ് പ്രശംസിക്കുന്നു. കർത്താവിനോടുള്ള അക്ഷയമായ സ്നേഹം നിമിത്തം ചെയ്യുന്ന പ്രയ്തനങ്ങൾ വിലയേറിയതു തന്നെ.

**3. സഹിഷ്ണുത –** വേദനയും യാതനയും ഒരുപോലെ കർത്താവിന് വേണ്ടി സഹിപ്പാനുള്ള മനസിനെയാണ് സഹിഷ്ണുത എന്ന പദം സൂചിപ്പിക്കുന്നത്. ദൈവവേലയ്ക്ക് വേണ്ടിയിരുന്ന പ്രയ്തനം എത്ര പ്രയാസമായിരുന്നാലും അവർ അതിൽ നിലനിന്നു. കഷ്ടതയുടെ മുമ്പിൽ പിറുപിറുപ്പും പരാതികളും ഇല്ലാതെ കഷ്ടതയിൽ പ്രശംസിക്കുവാൻ ഉൾബലം പകരുന്നതാണ് സഹിഷ്ണുത. പ്രവൃത്തി, പ്രയ്തനം, സഹിഷ്ണുത ഇവ അന്യോന്യം ബന്ധമുള്ളതാണ്. ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത ആവശ്യമാണ്. (എബ്രായർ 6:12, 10:36) ''കൃഷിക്കാരൻ തന്റെ കൃഷിയുടെ ഫലത്തിനായി ക്ഷമയോടെ കാത്തിരിക്കുന്നത് പോലെ കർത്താവിന്റെ പ്രത്യക്ഷതയ്ക്ക് വേണ്ടി ക്ഷമയോടെ കാത്തിരിപ്പാൻ'' യാക്കോബ് ഓർമ്മിപ്പിക്കുന്നു. യാക്കോബ് 5:7) ഇയ്യോബിന്റെ സഹിഷ്ണുത തന്നെ നല്ല ഒരു അന്ത്യത്തിൽ എത്തിച്ചു. (യാക്കോബ് 5:11) കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു. (റോമർ 5:3) അവർ സ്വഭവനത്തിൽ തന്നെ സഹിഷ്ണുതരായിരുന്നു. സഹിഷ്ണുത കാണിപ്പിൻ (റോമർ 12:12, 2 തെസ്സലോനിക്യർ 3:5)

**4. കൊള്ളരുതാത്തവരെ സഹിച്ചുകൂടാത്തത് –** എഫെസോസ് നഗരത്തിലെ മ്ലേച്ഛതകളൊന്നും സഭയിൽ നുഴഞ്ഞുകയറാതെ അവർ സൂക്ഷിച്ചു. യാതൊരുവിധ അശുദ്ധിയ്ക്കും സഭ ഇടം കൊടുത്തില്ല. കൊള്ളരുതാത്തവരെ സഭയിൽ അനുവദിച്ചാൽ താമസിയാതെ ആ സഭ കൊള്ളരുതാത്തവരുടെ സഭയായിത്തീരും. ദൈവവചനത്തിന് നിരക്കാത്തതും വിശുദ്ധിക്ക് ചേരാത്തതുമായ ഏതിനോടും എതിർത്തിരുന്ന വിശ്വാസികൾ എഫെസോസ് സഭയുടെ ആരംഭഘട്ടത്തിൽ ഉണ്ടായിരുന്നു. അത് സഭയുടെ പ്രശംസയായി കർത്താവ് പറയുന്നു. വേഷത്തിൽ മാത്രം സത്യവിശ്വാസിയായി നടിച്ച് സഭയിൽ നുഴഞ്ഞുകയറിയവരെയോ പിന്മാറ്റക്കാരായി തീർന്ന വിശ്വാസികളെയോ ഉദ്ദേശിച്ചാണ് കൊള്ളരുതാത്തവർ എന്ന് പറഞ്ഞിരിക്കുന്നത്. പാപത്തെ കർശനമായി ശാസിക്കുകയും ശിക്ഷിക്കുകയും വേണം.

ആഭിചാരകനായ ശീമോൻ സഭയിൽ നുഴഞ്ഞുകയറിയ കൊള്ളരുതാത്തവൻ ആയിരുന്നു. ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങാം എന്നവൻ ചിന്തിച്ചു. ''നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്ക കൊൺട് ഈ കാര്യത്തിൽ നിനക്ക് പങ്കും ഓഹരിയും ഇല്ല'' എന്ന് പത്രോസ് പറഞ്ഞു. (അപ്പോസ്തല പ്രവൃത്തി 8:20 – 22) കപടവേഷധാരിയായി സഭയിൽ പ്രവേശിച്ചവനാണ് അവൻ. ഇത്തരക്കാരെ വളരെ സൂക്ഷിക്കണം. നുഴഞ്ഞുവന്ന കള്ളസഹോദരന്മാർ എന്ന് പൗലോസ് എഴുതിയിരിക്കുന്നു. (ഗലാത്യർ 2:4,5) ഇക്കൂട്ടരെക്കുറിച്ച് പത്രോസും യൂദയും എഴുതിയിട്ടുൺട്. ഭക്ഷണവും ജഡമോഹ നിവർത്തിയുമാണ് ഇവരുടെ ലക്ഷ്യം. എന്തായാലും കൊള്ളരുതാത്തവരെ സഹിച്ചുകൂടാത്തവരെയാണ് കർത്താവ് പ്രശംസിക്കുന്നത്. യഹോവയുടെ വിശുദ്ധ പർവ്വതത്തിൽ വസിക്കണമെങ്കിൽ വഷളനെ നിന്ദ്യനായി എണ്ണണം. (സങ്കീർത്തനം 40:4)

## 5. അപ്പോസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പോസ്തലന്മാർ എന്ന് പറയുന്നവരെ പരീക്ഷിച്ച് കള്ളന്മാർ എന്ന് കൺടു. –

അപ്പോസ്തലന്മാർ എന്ന് പറഞ്ഞാൽ അയക്കപ്പെട്ടൻ എന്നർത്ഥം. യേശു 12 പേരെ തെരഞ്ഞെടുത്ത് അവരെ അപ്പോസ്തലന്മാർ എന്ന് പേര് വിളിച്ചു. (ലൂക്കോസ് 6:12,13, 9:1, 10:1) ശുശ്രൂഷയോടുള്ള ബന്ധത്തിൽ പുതിയ നിയമ സഭയിൽ അഞ്ച് വിധ ശുശ്രൂഷകന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഒന്നാമത്തേത് അപ്പോസ്തലന്മാരാണ്. കർത്താവായ യേശു തിരഞ്ഞെടുത്ത 12 അപ്പോസ്തലന്മാരെ കൂടാതെ വേറെയും അപ്പോസ്തലന്മാർ ഇന്ന് ലോകത്തിലുൺട്. എന്നാൽ ദൈവത്താൽ നിയമിതരല്ലാത്ത വേഷധാരികളായ അപ്പോസ്തലന്മാർ എഫെസോസ് സഭയിൽ നുഴഞ്ഞുകയറി. അവരെപ്പറ്റി കള്ളന്മാർ എന്ന് പറഞ്ഞിരിക്കുന്നു. സഭ ഭൂമിയിൽ ഉള്ളകാലത്തോളം അപ്പോസ്തലന്മാർ ഉള്ളതിനാൽ എക്കാലത്തും കള്ളയപ്പോസ്തലന്മാരും ഉൺട്. പൗലോസ് അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻ ആയിരുന്നു. (2 കൊരിന്ത്യർ 12:12) ബർന്നബാസ് ഒരു അപ്പോസ്തലൻ ആയിരുന്നു. (അപ്പോസ്തല പ്രവൃത്തികൾ 14:14, 1 കൊരിന്ത്യർ 9:1, എഫെസ്യർ 3:5)

അപ്പോസ്തലന്മാരെന്നും കർത്താവിന്റെ ശുശ്രൂഷകരെന്നും സ്വയം അഭിമാനിച്ചുകൊൺട് നടക്കുന്ന ദൈവവിളിയില്ലാത്ത കപടഅപ്പോസ്തലന്മാർ ആദ്യകാലങ്ങളിൽ തന്നെ ഉൺടായിരുന്നു. പൗലോസ് എഫെസോസ് പട്ടണം വിട്ടുപോകുമ്പോൾ ഭാവിയിൽ അവർക്കുൺടാകുവാൻ പോകുന്ന പ്രശ്നങ്ങൾ മുൻകൂട്ടി പറഞ്ഞു. അവരുടെ ഇടയിൽ ''കൊടിയ ചെന്നായ്ക്കൾ കടക്കു''മെന്ന്. (അപ്പോസ്തല പ്രവൃത്തികൾ 20:9) ''കള്ളപ്രവാചകന്മാരെയും ദുരുപദേഷ്ടാക്കന്മാരെയും പരിശോധിച്ചു മനസിലാക്കുവാൻ അവർക്ക് കഴിഞ്ഞു''. (1യോഹന്നാൻ 4:1, 2 കൊരിന്ത്യർ 11:13) ''കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ''. (മത്തായി 7:15) ''ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും. അത് കൊൺട് ഉണർന്നിരിപ്പിൻ''. (അപ്പോസ്തല പ്രവൃത്തികൾ 20:29–31)

ദൈവത്താൽ നിയമിതരല്ലാത്ത വേഷധാരികളായ അപ്പോസ്തലന്മാർ എഫെസോസിൽ നുഴഞ്ഞുകയറിയപ്പോൾ അവരെ പരീക്ഷിച്ച് കള്ളന്മാർ എന്ന് കൺടത് ഈ സഭയുടെ ഒരു നന്മയാണ്. അപ്പോസ്തലത്വത്തിന്റെ ലക്ഷണങ്ങൾ 2 കൊരിന്ത്യർ 12:12, 1 കൊരിന്ത്യർ 9:1,2 എന്നീ വാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. അന്ത്യകാലത്തിന്റെ അന്ത്യനിമിഷങ്ങളിൽ വന്നെത്തിയിരിക്കുന്ന ഇന്നും യഥാർത്ഥ അപ്പോസ്തലന്മാരും കള്ളയപ്പോസ്തലന്മാരും ഉൺട്. പരീക്ഷിച്ചറിയുക. എക്കാലത്തും സഭയുടെ കെട്ടുപണിക്ക് അപ്പോസ്തലന്മാർ തുടങ്ങിയുള്ള

അഞ്ചുവിധ ശുശ്രൂഷകന്മാരും ഉൺടായിരിക്കും. അതുകൊൺട് നാം കള്ളയപ്പോസ്തലന്മാരാൽ വഞ്ചിക്കപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.

**6. എന്റെ നാമം നിമിത്തം നീ സഹിച്ചത്** – ആദിമ വിശ്വാസികൾ അനേകം കഷ്ടതയിൽ കൂടെ കടന്നുപോയിട്ടുള്ളവരാണ്. വിവിധ പരീക്ഷകൾ നേരിട്ടിട്ടും കർത്താവിനോടുള്ള വിശ്വസ്തത അവർ കാത്തുസൂക്ഷിച്ചു. തല്ല്, തടവ്, മരണം, വിശപ്പ്, ദാഹം, ചേതം എന്നിവയെല്ലാം അവർ സഹിച്ചു. എഫെസോസിൽ സഭയുൺടായ ചരിത്രം അപ്പോസ്തല പ്രവൃത്തി 19 ാം അദ്ധ്യായത്തിൽ കാണുന്നു. അവർ അനുഭവിച്ച കഷ്ടങ്ങളിൽ ചിലത് ആ അദ്ധ്യായത്തിൽ ഉൺട്. കർത്താവിന് വേൺടി കഷ്ടം സഹിക്കുന്നത് പ്രശംസനീയം തന്നെ. ഈ സഭ അതിന്റെ ആരംഭം മുതൽ അർത്തമിസ് ദേവിയുടെയും ചക്രവർത്തിയുടെയും ആരാധകരിൽ നിന്നും യെഹൂദന്മാരിൽ നിന്നും വളരെ പ്രയാസങ്ങൾ അനുഭവിച്ചിട്ടുൺട്. എന്നാൽ ''അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താലും എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവിനാലും തുടരുന്നതിനെ കർത്താവ് പ്രശംസിക്കുന്നു''. (എഫെസ്യർ 1:19, 23)

**7.തളർന്നുപോകാഞ്ഞത് –** വിശ്വാസവീരനായ ഏലിയാവ് പോലും തളർന്നുപോയി. (1 രാജാക്കന്മാർ 19:4) എന്നാൽ എഫെസോസ് സഭ തളർന്നുപോകാതിരുന്നത് കർത്താവിന്റെ പ്രശംസയ്ക്ക് പാത്രീഭവിച്ചു. യഹോവയെ കാത്തിരിക്കുന്നവർ............. തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും. (യെശയ്യാവ് 40:31) ''നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ'' (എബ്രായർ 12:3) എഫെസോസിലെ വിശ്വാസികൾ ഇപ്രകാരം ചെയ്തതിനാൽ അവർ തളർന്നുപോയില്ല. ആത്മീക തളർച്ചയാണ് ഇവിടുത്തെ വിഷയം. തളർന്നുപോകാൻ സാദ്ധ്യതയുള്ള സാഹചര്യങ്ങളിൽ തളരാതെയിരുന്നതാണ് പ്രശംസിക്കപ്പെടുന്നത്. തക്കസമയത്തുള്ള കൃപയാണ് കഷ്ടതയുടെ സമയത്ത് ആവശ്യമായിരിക്കുന്നത്. കഷ്ടതയിൽ തളരാതെ ഉറച്ച് നില്ക്കുന്നതിന് മാനുഷിക കഴിവുകളെക്കാൾ ദൈവശക്തിക്കധീനരായിത്തീരുകയാണ് ഉത്തമം.